प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മാർച്ച് 27, 2019

**പഞ്ചാബ് നാഷണൽ ബാങ്കിനുമേൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പണപ്പിഴ ചുമത്തി**

സ്വിഫ്റ്റ് (SWIFT) സംബന്ധമായ പ്രവർത്തനനിയന്ത്രണങ്ങൾ സമയബന്ധിതമായി നടപ്പാക്കാനും ശക്തിപ്പെടുത്താനും വേണ്ടിയുള്ള റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഉത്തരവുകൾ പാലിക്കാതിരുന്നതിന് 36 ബാങ്കുകളുടെമേൽ പിഴചുമത്തിയത് വിവരിക്കുന്ന 2019 മാർച്ച 8 ലെ 2144 -ാം നമ്പർ പ്രസ്സ് റിലിസ് ((പ്രസ്സ് റിലീസ് 2018-2019/2144) കാണുക. ഇതിനെ തുടർന്ന് ആർ ബി ഐ 2019 ഫെബ്രുവരി 25 -ാം തിയതിയിലെ ഒരു ഉത്തരവിലൂടെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിച്ച മുകളിൽ കാണിച്ച ഉത്തരവുകൾ പാലിക്കാതിരുന്നതിന് പഞ്ചാബ് നാഷണൽ ബാങ്കിനുമേൽ 20 ദശലക്ഷം (ഇരുപതു് ദശലക്ഷം രൂപാ മാത്രം) രൂപയുടെ പണപ്പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 47A(1) (c) ഒപ്പം സെക്ഷൻ 46(4) (i) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർ ബി ഐ യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ചാണ്, റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മുകളിൽ കാണിച്ച നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനും, പരിപാലനത്തിൽ വന്നിട്ടുള്ള പോരായ്മകളുടെ അടിസ്ഥാനത്തിലും, ഈ പിഴചുമത്തി യിട്ടുള്ളത്.

നിയന്ത്രണപരിപാലനത്തിൽ വന്ന പോരായ്മകളുടെ അടിസ്ഥാനത്തിലാണ് ഈ നടപടി. അല്ലാതെ, ബാങ്ക് നടത്തിയിട്ടുള്ള ഇടപാടുകളുടേയോ ഇടപാടുകാരുമായി ബാങ്ക് ഏർപ്പെട്ടിട്ടുള്ള ഉടമ്പടികളുടെയോ മേൽ വിധി പറയാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/2300